ശ്രീ. എ. എ. റഹിം : അങ്ങിനെയാണ്. ഇപ്പോൾ വച്ചിട്ടുള്ളത്.

ശ്രീ. ടി. ഒ. ദിവാകരൻ : ആയുർവേദ ആശുപത്രികളെ സംബന്ധിച്ചും ഈ നിർദ്ദേശം ഉണ്ടോ ?

ശ്രീ. എ. എ. റഹിം : ആയുർവേദ ആശുപത്രികളെ സംബന്ധിച്ച് പ്രത്യേകം നിർദ്ദേശം ഒന്നുമില്ല.

## നാഗർകോവിൽ ക്ഷയരോഗാശുപത്രി.

* 684. [20] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഗർകോവിൽ ക്ഷയരോഗാശുപത്രിയിലെ "പ്ലാസ്റ്റിക് സ്കോപ്പി, പ്രാണിക് തുടങ്ങിയ ആപ്പറേഷൻ കേസുകൾ തൃപ്തികരമല്ലെന്ന കാണിച്ച് എന്തെങ്കിലും നിവേദനം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരിൽനിന്നാണ് നിവേദനം ലഭിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ആശുപത്രിയിലെ ശസ്ത്രക്രിയാശാലയും, ശസ്ത്രക്രിയോപകരണങ്ങളും മറ്റും തൃപ്തികരമല്ലെന്ന് പൊതുവേ ധാരണയുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ടി. ബി. ആശുപത്രിയിലെ മരുന്ന്, ചികിത്സ, പ്രവേശനം, ഡിസ്ചാർജ് ഇവയെപ്പറ്റിയും ആപ്പറേഷൻ കേസുകളെപ്പറ്റി പ്രത്യേകിച്ചും നിഷ്കൃഷ്ടമായി ഒരന്വേഷണം നടത്താൻ ഒരു വിദഗ്ദ്ധകമ്മിറ്റിയെ നിയമിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഉണ്ട്.

(ബി) തിരുവിതാംകൂർ-കൊച്ചി കമ്മ്യൂണിസ്റ്റ് പാർട്ടി പാർലമെന്ററി പാർട്ടി സെക്രട്ടറി ശ്രീ. കെ. ഗോവിന്ദപ്പിള്ളയിൽ നിന്ന് ഒരു പരാതിയും ജനയുഗം പത്രത്തിൽ ഒരു രോഗി എന്ന കണിച്ച് പ്രസിദ്ധീകരിച്ച ഒരു കത്തുമാണ് ലഭിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) ടി. ബി. ആശുപത്രിയിലെ ചികിത്സ, പ്രവേശനം, ഡിസ്ചാർജ് ആപ്പറേഷൻ ഇവയെപ്പറ്റിയുള്ള പരാതികളെക്കുറിച്ച് അന്വേഷണം നടത്തുകയും പരിഹാരം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേയ്ക്ക് ഒരു വിദഗ്ദ്ധകമ്മിറ്റിയുടെ ആവശ്യമുള്ളതായി തോന്നുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അന്വേഷണം നടത്തിയതു എന്നാണെന്നും എന്തെല്ലാം പരിഹാരമാണ് ഉണ്ടാക്കിയതെന്നും പറയാമോ ?

ശ്രീ. എ. എ. റഹിം : ഇക്കാര്യത്തെ സംബന്ധിച്ച് കഴിഞ്ഞ അസംബ്ലിയിൽ ഉണ്ടായ പരാതിയെ പറ്റി അന്വേഷണം നടത്തി, ആഹാരകാര്യത്തെ സംബന്ധിച്ചു വേണ്ട പരിഹാരം നൽകിയിട്ടുണ്ട്. അതല്ലാതെ വേറെ പരാതിയൊന്നും കിട്ടിയിട്ടില്ല. കൂടാതെ ഡിപ്പാർട്ടുമെന്റ് വിളിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. എ. റഹിം]

വരുത്തി വേണ്ട അന്വേഷണം നടത്തിയിട്ടുണ്ട്. ആശുപത്രിയിൽ ചെന്ന പരാതിയെപ്പറ്റി അന്വേഷണം നടത്താൻ സർജൻ ജനറലിനെ ഏർപ്പാടുചെയ്തു. അവരിൽനിന്നും ലഭിച്ച അറിവു വച്ചുനോക്കിയതിൽ ഓപ്പറേഷൻ മുഖേനയോ ഡാക്ടരുടെ പ്രവർത്തനം മുഖേനയോ യാതൊരു കുഴപ്പവും ഉണ്ടായിട്ടില്ല എന്നും തൊലിയിൽ ഉണ്ടായ ഇൻഫ്ളമേഷൻ മൂലമാണ ഈ കുഴപ്പം ഉണ്ടായതെന്നും മനസ്സിലായി. ആവിടത്തെ ഡാക്ടരെ സംബന്ധിച്ചാണെങ്കിൽ, അദ്ദേഹം വളരെ പഴക്കമുള്ള അതായത് പത്തോ ഇരുപതോ വർഷത്തെ പരിചയമുള്ള ഒരു ഡാക്ടർ ആണ്. നമ്മുടെനാട്ടിനു പുറത്തുള്ള സ്ഥലങ്ങളിലും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുള്ള ആളാണ്. പത്തുവർഷത്തിനു മുൻപ് അദ്ദേഹം മടനപ്പള്ളിയിൽ സേവനം നടത്തിയിട്ടുള്ള ആളാണ്. അദ്ദേഹത്തിന്റെ ചികിത്സയിൽ യാതൊരു തെറ്റും ഇല്ലെന്നാണ് സർജൻ ജനറലിന്റെ അഭിപ്രായം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : പ്ലാസ്റ്ററി ഓപ്പറേഷൻ നടത്തിയ ഭവാനിയമ്മ, പരവൂർ; ആദിലക്ഷ്മി, തിരുനെൽവേലി; വർഗീസ്, തിരുവല്ല; മഹാദേവയ്യർ, തിരുനെൽവേലി തുടങ്ങിയ പത്തുപേരുടെ മുറിവുകൾ പഴുക്കുകയും മാറാതെ ചെയ്തിട്ടുള്ളതായും അവർ വഴുതിപ്പോയിട്ടുള്ളതായും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : ഏകദേശം പത്തുനാലുപേർ ആപ്പറേഷനു വിധേയമായതിൽ ഒരാൾ മാത്രം മരിച്ചുപോയി എന്നമാത്രമാണ് ഇപ്പോൾ കിട്ടിയിട്ടുള്ള അറിവ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : 3-11-55-നു ശേഷം, പുതുതായി ആപ്പറേഷനു പോസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നതിനുമുമ്പ് തുടങ്ങിയുള്ള പത്തുപേർ, ഈ ആപ്പറേഷൻ ചെയ്യാൻ പാടില്ലാ എന്നുള്ള പ്രതിഷേധത്താൽ ആപ്പറേഷനു വിസമ്മതിച്ചതിനാൽ ആ ആപ്പറേഷൻ നടത്താതെ നിറുത്തിവച്ചിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. എ. റഹിം : ലംഗ്സിൽ ക്യാവിറ്റി വരുമ്പോൾ അതു ഒരു ആപ്പറേഷൻകൊണ്ടു മാത്രമേ ഭേദപ്പെടുകയുള്ളു. ആപ്പറേഷൻ നടത്തിക്കഴിഞ്ഞാൽ കുറച്ചു ദിവസത്തിനകം ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജു ചെയ്യും. ആപ്പറേഷൻ നടത്താൻ വിസമ്മതിച്ചു ഒഴിഞ്ഞുമാറിയാൽ വളരെനാൾ സുഖമായി ആശുപത്രിയിൽ താമസിക്കാം, എന്നു കരുതി ആപ്പറേഷൻ നടത്താൻ വിസമ്മതിച്ചുകൊണ്ട് ഇങ്ങനെ ചിലർ പരാതിപ്പെടുന്നുണ്ട് എന്നാണ് എനിക്കു കിട്ടിയ റിപ്പോർട്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഇപ്രകാരം പഴുത്തുമാറാതെ തകരാറു വന്നിട്ടുള്ളവർ എത്രയാണെന്നറിയാമോ?

ശ്രീ. എ. എ. റഹിം : എത്രപേർ ഉണ്ടെന്നുള്ള എണ്ണം എനിക്കു അറിഞ്ഞുകൂടാ. വേണമെങ്കിൽ അന്വേഷിച്ചു പറയാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഡാക്ടരുടെ തകരാറാണോ, ആപ്പറേഷൻ തീയേറ്ററിന്റെ തകരാറാണോ, മരുന്നില്ലാത്തതിന്റെ തകരാറാണോ ഈ കുഴപ്പത്തിനു കാരണമെന്നു അന്വേഷിക്കാൻ ഇവിടെയുള്ള വിദഗ്ദ്ധന്മാരായ ഡാക്ടന്മാരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റിയെ നിയമിക്കാൻ ഗവണ്മെൻറിനു എന്താണു തടസ്സം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : ഇപ്പോൾ അതിനുതക്കവണ്ണമുള്ള കഴപ്പം ഒന്നുംതന്നെ ഇല്ലാത്തതുകൊണ്ടു് അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള : സക്കാർ സർവീസിലിരിക്കുന്ന ആളുകളെ അവിടെനിന്നും ഡിസ്ചാർജ്ജു ചെയ്യുന്ന അവസരത്തിൽ മെഡിക്കലിഫിറ്റാണെന്നുള്ള ഒരു സർട്ടിഫിക്കറ്റു് അവിടെനിന്നും കൊടുക്കുന്നില്ലെന്നുള്ള വിവരം അറിയാമോ ?

ശ്രീ. എ. എ. റഹിം : T. B. Bacilli ഇല്ലാ എന്നുള്ള ഒരു സർട്ടിഫിക്കറ്റു് കൊടുക്കുന്ന പതിവുണ്ടു്. മറ്റു രോഗങ്ങളെ സംബന്ധിച്ചിടത്തോളം ഉള്ള ഒരു സർട്ടിഫിക്കറ്റു് കൊടുക്കുവാൻ ആ ഡാക്ടർ തയ്യാറല്ലായിരിക്കും.

ശ്രീ. എ. താണുപിള്ള : ഈ സർജറി നടത്തിയ രോഗികൾക്കു പഴക്കുകയും മറ്റും ചെയ്യുന്നതു് നാഗർകോവിൽ ആശുപത്രിയിൽ മാത്രമേയുള്ളോ ?

ശ്രീ. എ. എ. റഹിം : അല്ലാ. മറ്റു ആശുപത്രികളിലും ഉണ്ടു്.

## രണ്ടാം പഞ്ചവത്സരപദ്ധതി.

* 685. [21] ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടെ ആവിഷ്കരിച്ചു കഴിഞ്ഞിട്ടുണ്ടോ; ഈ പദ്ധതിയിൽ തിരുവിതാംകൂർ-കൊച്ചിക്കു ആകെ എത്ര രൂപയുടെ പ്ലാനാണു് അനുവദിച്ചിട്ടുള്ളതു്;

(ബി) പദ്ധതിക്കാലത്തു് കേന്ദ്രത്തിൽനിന്നു് തിരുവിതാംകൂർ-കൊച്ചിയിൽ എതെല്ലാം പുതിയ വ്യവസായങ്ങൾ ആരംഭിക്കും; ആ വഴിക്കു് നമുക്കു് എന്തു തുക ലാഭമാകും;

(സി) നമ്മുടെ സ്റ്റേറ്റു് പ്ലാനിൽ എത്ര വ്യവസായങ്ങളാരംഭിക്കപ്പെടാൻ പോകുന്നുണ്ടു്; ഏതെല്ലാം; അവയ്ക്കാകെ നീക്കിവച്ചിട്ടുള്ള തുക എത്ര; മൊത്തം പ്ലാനിന്റെ എത്ര ശതമാനം വരും;

(ഡി) പബ്ലിക്കു് സെക്ടറിൽ ആരംഭിക്കപ്പെടുന്ന പുതിയ വ്യവസായങ്ങൾ ഏതെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ) : (എ, ബി, സി, ഡി) ഈ ചോദ്യത്തിന്റെ വിവരങ്ങളെല്ലാം ഇവിടെ പല പ്രാവശ്യം പ്രസ്താവിച്ചിട്ടുള്ളതാണു്. കൂടാതെ ഇനിയും ഇതിനെപ്പറ്റി ഇവിടെ ഒരു ഡിസ്കഷൻ വരുമെന്നും ചെയ്യും.

## കുരുമുളകു് ഉൽപാദനം.

* 686. [22] ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ: താഴെ കാണുന്നചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-55 സാമ്പത്തിക വർഷത്തിൽ തിരുവിതാംകൂർ-കൊച്ചിയിലാകെ ഉൽപ്പാദിപ്പിച്ച കുരുമുളകിന്റെ അളവെത്ര; വിദേശങ്ങ

LIBRARY ARCHIVES Kerala Legislative Assembly